
# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



# SM UPS

## Marykulam

Kerala Syllabus English & Malayalam Medium

smupsm@gmail.com

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യു ജില്ല | : ഇടുക്കി |
| സ്കൂൾ കോഡ് | : 30242 |
| സ്കൂളിൻെറ പേര് | : സെൻറ്. മേരീസ് യു.പി.സ്കൂൾ മേരികുളം |
| മേൽ വിലാസം | : അയ്യപ്പൻകോവിൽ പി.ഒ., മേരികുളം, 685507 |
| ഫോൺ നമ്പർ | : 04869-244314 |
| ഇമെയിൽ | : smupsm@gmail.com |
| ഗ്രാമപഞ്ചായത്ത് | : അയ്യപ്പൻകോവിൽ |
| വിദ്യാഭ്യാസ ജില്ല | : കട്ടപ്പന |
| ക്ലാസുകൾ | : 5-7 |
| പഠന മാധ്യമം | : മലയാളം & ഇംഗ്ലീഷ് |

# SM UPS
Marykulam

## STAFF 2025–26


Mr. Josekutty (HM)


Mrs. Marykutty


Sr. Jolly


Mr. Jomon


Mrs. Lijomol


Sr. Marykutty


Mr. Ginto


Mrs. Seena


Mr. Jins


Sr. Sini


Mrs. Christy


Mrs. Manju


Mrs. Nirmala


Mr. Tibin


Mrs. Jolphy


Mrs. Amalu


Mrs. Niny


Mr. Nidhin


Sr. Minil


Mrs. Sajana


Mr. Akhil


Mr. Tom


Mr. Jobin (OA)

# സെന്റ്. മേരീസ് യു പി സ്കൂൾ, മേരികുളം

# ഇടുക്കി റവന്യൂ ജില്ലാ കലോത്സവം

# 2024 -2025



# KATTAPPANA SUB DISTRICT

# SCIENCE FAIR 2024-25












# KATTAPPANA SUB DISTRICT
## SOCIAL SCIENCE FAIR 2024-25












# KATTAPPANA SUB DISTRICT MATHEMATICS FAIR 2024-25















# ജൈവ പച്ചക്കറി തോട്ടം

നമ്മുടെ സ്കൂളിലെ കട്ടികൾക്ക് ഉച്ച ഭക്ഷണത്തോടൊപ്പം വിഷരഹിത പച്ചക്കറികൾ നൽകക എന്ന സദുദ്ദേശത്തോടെ, ശ്രീമതി മേരിക്കട്ടി ടീച്ചറിന്റെ നേതൃത്വത്തിൽ കട്ടികളുടെയും പി റ്റി എ യുടേയും അധ്യാപകരുടെയും സഹകരണത്തോടെ ജൈവ പച്ചക്കറി തോട്ടം നട്ടു പരിപാലിച്ചു വരുന്നു . സമയാ സമയങ്ങളിൽ വിളവെടുപ്പ് നടത്തി രുചികരമായ കറികൾ തയ്യാറാക്കി കട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിൽ ഇവ ഉൾപ്പെടുത്തുന്നു. പച്ചക്കറികൾക്ക് എല്ലാ ദിവസവും വെള്ളം ഒഴിച്ച് പരിപാലിക്കുന്നതിൽ കട്ടികൾ കാണിക്കുന്ന ഉത്സാഹം ശ്ലാഘനീയമാണ്.









# മെറിറ്റ് ഡേ

ഈ അധ്യയന വർഷത്തെ  കുട്ടികളുടെ വിവിധ മേഖലകളിലുള്ള കഴിവുകളെ ആദരിക്കുന്നതിന്റെ ഭാഗമായി മെറിറ്റ് ഡേ ഡിസംബർ 10 ന്   സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.സ്കൂൾ  അസി. മാനേജർ റവ ഫാ തോമസ് കണ്ടത്തിൽ  അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ PTA  പ്രസിഡന്റ് ശ്രീ ബിജോമോൻ ജേക്കബ് , വാർഡ് മെമ്പർ ശ്രീമതി സോണിയ ജെറി എന്നിവർ ആശംസകളർപ്പിക്കുകയും കുട്ടികൾക്ക് ട്രോഫിയും, സർട്ടിഫിക്കറ്റും വിതരണം ചെയ്യുകയും ചെയ്തു.



# ZEALOUS 2K24

സ്കൂളിന്റെ *സിഗ്നേച്ചർ* പ്രോഗ്രാമായി പുരാതന ശേഖരങ്ങളുടെ പ്രദർശന മേള **ZEALOUS 2K24** സെപ്റ്റംബർ 24 ന് നടത്തപ്പെട്ടു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തപ്പെട്ട ഈ മത്സരത്തിൽ കുട്ടികൾ വളരെ ആർജവത്തോടെ പങ്കാളികളായി. അതി പുരാതന വീട്ടുപകരണങ്ങളും ,കൃഷി ഉപകരണങ്ങളും, പാത്രങ്ങളും , സ്റ്റാമ്പ് ശേഖരം , നാണയങ്ങൾ എന്നിവ പ്രദർശക വസ്തുക്കളായി.തലമുറകൾക്ക് മുൻപ് തങ്ങളുടെ പൂർവികർ ഉപയോഗിച്ചിരുന്ന വസ്തുക്കൾ കുട്ടികളിൽ കൗതുകമുണർത്തുകയും അവരുടെ അധ്വാനത്തെ വിലമതിക്കാനും മനസിലാക്കുവാനും സാധിക്കുകയും ചെയ്തു. സ്കൂൾ PTA അംഗങ്ങളും ഇതിൽ പങ്കാളികളായി. വൈറ്റ് ഗ്രൂപ്പ് $1^{st}$ ,ഓറഞ്ച് $2^{nd}$,ബ്ലൂ $3^{rd}$ സ്ഥാനങ്ങൾ കരസ്ഥമാക്കി .ഇതോടൊപ്പം ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, IT, പ്രവൃത്തിപരിചയമേളകളും സ്കൂൾ തലത്തിൽ നടത്തപ്പെട്ടു.



# സെന്റ് മേരീസ് യു പി സ്കൂൾ മേരികുളം

## സോഷ്യൽ സയൻസ്
## മാസ്റ്റർ പ്ലാൻ

2025-26

## ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1 | സാമൂഹികശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ എന്നിവ നേടുക | **ഓർമ്മച്ചെപ്പ്**<br>നദികൾ, ഭൂപ്രകൃതി , തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ വിവരങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് |
| 2 | ചരിത്ര ബോധം ഉളവാക്കുക | **Virtual Field Trip, ഫീൽഡ്ട്രിപ്പുകൾ**<br>ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം, നേരിട്ടുള്ള സന്ദർശനം മുതലായവ. |
| 3 | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി, രക്ഷാകര പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബോധവൽക്കരണ ക്ലാസുകൾ നൽകുക | **പ്രകൃതിയെ അറിയാം...**<br>വെള്ളപ്പൊക്കം ഉരുൾപൊട്ടൽ,സുനാമി, ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് വിദഗ്ധർ ക്ലാസ്സ് എടുക്കുന്നു. രക്ഷാകര മാർഗ്ഗങ്ങളെക്കുറിച്ച് ബോധ്യങ്ങൾ നൽകുന്നു |

# സെന്റ് മേരീസ് യു പി സ്കൂൾ മേരികുളം

## സോഷ്യൽ സയൻസ് മാസ്റ്റർ പ്ലാൻ

2025-26

## ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

### 4 നാടൻ വിഭവങ്ങൾ...

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| കേരളത്തിന്റെ തനത് വിഭവങ്ങൾ,നാടൻ വിഭവങ്ങൾ എന്നിവ കട്ടികൾ പരിചയപ്പെടുന്നു | വീട്ടുകളിൽ നിന്ന് നാടൻ വിഭവങ്ങൾ തയ്യാറാക്കി കട്ടികൾ ക്ലാസുകളിൽ അവതരിപ്പിക്കുകയും ഒന്നിച്ച് ഭക്ഷിക്കുകയും ചെയ്യുന്നു |

### 5 നന്മയുള്ള ലോകം...

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| സഹജീവികളോട് സമഭാവന വളർത്തുക | കട്ടികൾ തങ്ങളുടെ വീടുകളിൽ നിന്ന് ഉപയോഗപ്രദമായ വസ്ത്രങ്ങൾ, ഉപയോഗപ്രദമായ മറ്റു വസ്തുക്കൾ എന്നിവ ശേഖരിച്ച് വിവിധ ആശ്രമങ്ങളിൽ എത്തിക്കുന്നു, ഒരു നേരത്തെ പൊതിച്ചോറ് നൽകുന്നു |

### 6 ജീവന്റെ കാവൽക്കാർ ...

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെ പറ്റി അവബോധം നൽകുക | ട്രാഫിക് നിയമങ്ങളെ കുറിച്ചും, സൈബർ ലോകത്തെ കുറ്റകൃത്യങ്ങളെ കുറിച്ചും വിദഗ്ധരായ ആളുകൾ സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ കട്ടികൾക്ക് ക്ലാസുകൾ എടുക്കുകയും, ബോധ്യങ്ങൾ നൽകുകയും ചെയ്യുന്നു |

# സെന്റ് മേരീസ് യു പി സ്കൂൾ മേരികുളം

## സോഷ്യൽ സയൻസ്
## മാസ്റ്റർ പ്ലാൻ

**2025-26**

### ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ

**7** — **കാട്ടിലേയ്ക്ക് ഒരു യാത്ര...**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| സുസ്ഥിരവികസന കാഴ്ചപ്പാട് സൃഷ്ടിക്കുക | തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ, ആദിവാസി മേഖലകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തുക |

**8** — **നമ്മുടെ ഭരണം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ജനാധിപത്യ സംവിധാനങ്ങൾ, പഞ്ചായത്ത് പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കുക | എല്ലാ കുട്ടികൾക്കും വോട്ട് ചെയ്യുവാൻ അവസരം നൽകികൊണ്ട് സ്കൂൾ ഇലക്ഷൻ സംഘടിപ്പിക്കുന്നു. ഗ്രാമ പഞ്ചായത്ത് സന്ദർശനം നടത്തുന്നു |

**9** — **നാടിന്റെ നായകന്മാർ...**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| നവോത്ഥാന നായകന്മാരെ പരിചയപ്പെടുക | നവോത്ഥാന നായകന്മാരുടെ ചിത്രപ്രദർശനം, അവരുടെ സംഭാവനകൾ വ്യക്തമാക്കുന്ന പുസ്തക പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു |

SM UPS

| | ഗണിതം | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പ് വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു .( നമ്പർ കാർഡ് ,മഞ്ചാടിക്കുരു ,മുത്തുകൾ .......ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകർ | ഗണിത ക്ലബ് |
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും . | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള<br>പരിശീലനം നൽകൽ .വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു .അവയുടെ പ്രദർശനം സംഘടിപ്പിക്കൽ . | ഓഗസ്റ്റ്, ജനുവരി | ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ് |
| 3 | ഗണിതം മധുരമാക്കൽ | **ഗണിത മൂല**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ്മുറിയിൽ ഗണിത മൂല തയ്യാറാക്കുന്നു . | ഓഗസ്റ്റ്, | ഗണിത ക്ലബ് | ഗണിത ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ )പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | സെപ്റ്റംബർ, ഫെബ്രുവരി | ഗണിത ക്ലബ് | പി.ടി.എ<br>ഗണിത ക്ലബ് |
| 5 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു . | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ ,ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | എല്ലാം മാസവും | ഗണിത അധ്യാപകർ | ഗണിത ക്ലബ് |
| 6 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്നുവേണ്ട സഹായങ്ങൾ ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | എല്ലാം മാസവും | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | പി.ടി.എ<br>ഗണിത ക്ലബ് |
| 7 | ഫീൽഡ് ട്രിപ്പ് | നിത്യ ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസിലാക്കാൻ<br>ബാങ്ക് സന്ദർശനം ,<br>വസ്ത്രാലയം ,പാൽ സൊസൈറ്റി സന്ദർശനം | ഡിസംബർ | ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | പി.ടി.എ |

## अकादमिक मास्टर प्लान - हिन्दी

| | कार्यक्रम | गतिविधि | कार्य कालांत | भौतिक सामग्रियाँ | सहायता |
|---|---|---|---|---|---|
| 1. | U.P स्तर में सभी छात्रों को अक्षर शब्द अवधारणाएँ। | * अक्षर लिखना<br>* चिह्न पहचानना<br>* वर्णमाला<br>* शब्द कार्ड<br>* वर्णमाला खेल<br>* शब्दों का निर्माण<br>* वाक्यों का निर्माण<br>* पिछडे वालों के लिए पूर्व परीक्षा | जून से अगस्त तक | वर्णमाला चार्ट<br>ICT<br>पाठ्यपुस्तक | BRC<br>DIET<br>SCERT<br>प्रशिक्षक |
| 2. | घर एक प्रयोगशाला<br>घर के चीज़ों का नाम हिन्दी में पहचानना। | * घर के चीज़ों का नाम की सूचिका हिन्दी में तैयार करना<br>* I.C.T का उपयोग<br>* पिछडेवाले छात्रों की भागीदारी। | सितंबर से अक्तूबर तक | हिन्दी शब्दकोश | PTA<br>BRC<br>प्रशिक्षक |

अकादमिक मास्टर प्लान - हिन्दी

| | कार्यक्रम | गतिविधि | कार्य कालांत | भौतिक सामग्रियाँ | सहायता |
|---|---|---|---|---|---|
| 3. | आशय गलत के बिना प्रकट और छात्रों के सर्गात्मक रचनाएँ विकसित करने का अवसर। सुरीली हिन्दी। | * हिन्दी सभा<br>* दिनाचरण (सितंबर 14, जनवरी 10)<br>* कक्षा वाचनशाला<br>* अधिक वाचन सामाग्रियाँ<br>* चित्रकथा तैयार करना<br>* टिप्पणी<br>* लिखावट<br>* कथा की पूर्ती<br>* हिन्दी क्लब की गतिविधियाँ। | नवंबर से फरवरी तक | पाठ्यपुस्तक | B RC<br>DIET<br>P TA<br>SCERT |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear<br>ലളിതവും സരസവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow Me If You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Breaking News<br>ക്ലാസ് മുറികളിൽ ഇംഗ്ലീഷിൽ കുട്ടികൾ വാർത്ത വായിക്കുന്നു. | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| 2.ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | One Man Show<br>ആശയം നൽകി ഏകാഭിനയം പ്രോത്സാഹിപ്പിക്കുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | I To Can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | F. M Corner<br>വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തിയേറ്റർ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Reader Of The Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി raider of the month നെ ആദരിക്കുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3.തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Alert Zone<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Run Baby Run ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതിയ പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Fun Time<br>കടംകഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| 4.ഇംഗ്ലീഷ് ഭാഷയിലുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Finale<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു.<br><br>കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ കഥയെഴുത്ത്.<br><br>ആറാം ക്ലാസിലെ റോൾപ്ലേ നാടകം.<br>ഏഴാം ക്ലാസിന് പ്രച്ഛന്നവേഷം കവിത പ്രസംഗം സ്കിറ്റ്. | മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ ,പി ടി എ ഭാരവാഹികൾ,രക്ഷിതാക്കൾ | ഇംഗ്ലീഷ് ക്ലബ്, പി ടി എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ .

മേഖല - അക്കാദമികം | ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഉപ. കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | • ടെസ്റ്റ് നടത്തി മികവുകളും, പരിമിതികളും കണ്ടെത്തുന്നു. | | | |
| • അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | • പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | | |
| • കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | • പതിപ്പുകൾ<br>• രചനകൾ | ജൂൺ - മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ, ചിത്രങ്ങൾ | |
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക. | • സംസ്കൃത ദിനാചരണം<br>• അസംബ്ലി. | | | |

| | | | |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും വായന ഉറപ്പുവരുത്തുക | • നിലവാരനിർണ്ണയം<br>കഥ - ഉപന്യാസം രചിക്കാൻ | | |
| • സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | • വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്താൻ<br>കഥ, കവിത, സ്വഭാവചിത്രം എന്നിവ തയ്യാറാക്കാൻ | | |
| • ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്താൻ | വിവിധ കലാരൂപങ്ങളുടെ കലാരൂപങ്ങളെ പരിചയപ്പെടുത്താൻ | | |

Lijomol P.m

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| ① ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | വാക്കുകളിൽ നിന്ന് വാക്യങ്ങളിലേയ്ക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ② പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേയ്ക്ക്: പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ③ സാഹിത്യ കൃതികളെ ഉൾപ്പെടെ സാഹിത്യകാരന്മാരുമായുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | സംവാദം / അഭിമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| ④ മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | ഇ - കമ്പ്യൂട്ടറിംഗ് :<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ⑤ പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ, സ്കൂൾ | പിടിഎ |
| ⑥ കുട്ടികളുടെ ആകാശവാണി ·സെന്റ്. മേരീസ് എഫ്. എം. അവതരണ മികവ് | സെന്റ് മേരീസ് എഫ്.എം: വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ പിടിഎ |

| | | | | |
|---|---|---|---|---|
| | ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | | | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈൻ്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിൻ്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboralory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. **3D** പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത **Fullerine** പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## യു.പി. സ്കൂൾ - പ്രവൃത്തിപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മുഴുവൻ കുട്ടികളിലും പ്രവൃത്തി പഠനത്തിന്റെ അവബോധം സൃഷ്ടിക്കുക.<br>2) തൊഴിൽ സാധ്യത ഉറപ്പ് വരുത്തുക. | * പ്രവൃത്തി പഠനത്തെ സംബന്ധിച്ച് കുട്ടികൾക്ക് ക്ലാസ് നൽകുന്നു. | ജൂൺ | അധ്യാപകരും കുട്ടികളും | പി.ടി.എ |
| 3) സ്വയം അവബോധം<br>4) നല്ല ആരോഗ്യം. | * വിവിധ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നു. | തുടർ പ്രവർത്തനം | അധ്യാപകരും കുട്ടികളും | |
| 5) മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട്. പ്രവൃത്തി പഠന സാധ്യതകൾ വികസിപ്പിക്കുന്നു. | * കുട്ടികളിൽ ഓരോരുത്തരുടെയും കഴിവുകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | | | പി.ടി.എ |
| | * ജൈവ കൃഷിയെ പറ്റി പരിചയപ്പെടുത്തുന്നു. സ്കൂളിലും വീട്ടിലും ജൈവ കൃഷിയിലൂടെ ഉപകാരിത്തം. | വർഷം മുഴുവൻ<br>Second Term. | അധ്യാപകരും കുട്ടികളും | പി.ടി.എ |
| 6) ദിനാചരണങ്ങൾ. | * പ്രവർത്തനങ്ങൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് വസ്തുക്കൾ നിർമ്മിക്കുന്നു. | മാസത്തിൽ ഒന്ന് | | |
| | * ദിനാചരണങ്ങളിലും വിശേഷദിവസങ്ങളിലും വിവിധ പ്രവർത്തനങ്ങൾ സജീവമാക്കുന്നു. | തുടർ പ്രവർത്തനം | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- Art - 2025-26

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ. | പഠനോപകരണങ്ങൾ. | കാലയളവ്. |
|---|---|---|---|
| കല ജന്മസിദ്ധമായി വന്നുചേരുന്നതാണെന്ന അവബോധം സൃഷ്ടിക്കൽ. | കലാപഠനത്തെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്നു. | ചാർട്ട്, പുസ്തകം | ജൂൺ |
| കലാപഠനം നമ്മുടെ ഹൃദയത്തിനും ശിരസ്സിനും ആവശ്യപ്പെടുന്ന ഒരു വിഷയമാണെന്നുള്ള തിരിച്ചറിവ് | കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ അനുഷ്ഠാനകലകളെ പരിചയപ്പെടുത്തൽ | വീഡിയോ, ചാർട്ട്, ചിത്രങ്ങൾ | ജൂലൈ |
| പ്രകൃതിയിൽ കാണുന്ന നിറങ്ങളിലെ വൈവിധ്യം വിലയിരുത്തൽ. | കളർ വീൽ ഉണ്ടാക്കൽ പ്രത്യേകതകൾ സവിശേഷതകൾ ചർച്ചചെയ്യൽ | പേപ്പർ കട്ടിങ്ങ്സ് ചാർട്ട് | ആഗസ്റ്റ് |
| ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും കലാപഠനത്തിൽ നൽകുക. വളർത്തുക. | അധ്യയന വർഷത്തിൽ കലാമേഖലയിലൂടെ സവിശേഷ പ്രയോഗശേഷി, മത്സരബുദ്ധിയോടെ പരിശീലിപ്പിക്കുക. | പുസ്തകങ്ങൾ വീഡിയോ, സെമിനാർ | സെപ്റ്റംബർ |
| വിവിധ കല, ചലച്ചിത്ര മേഖലകളിലേക്ക് ഒരു തിരിഞ്ഞുനോട്ടം | ചിത്രകല, ചലച്ചിത്ര etc കല എന്നിവയുടെ എല്ലാം വിവിധ മാനങ്ങൾ ദേശകാലാധിഷ്ഠിതമായി പരിചയപ്പെടുത്തൽ | chart വീഡിയോ | ഒക്ടോബർ |
| പ്രകൃതിയുടെ താളവും സൗന്ദര്യവും മനസ്സിലാക്കി അതിൽ അലിഞ്ഞു ചേരൽ. | സംഗീതത്തിന്റെ മനോഹര [illegible] ഗാനത്തിലൂടെ ഒരു യാത്ര, അവലോകനം ചർച്ചചെയ്യൽ. | ഓഡിയോ അവതരണം പുസ്തകം | നവംബർ |
| പഠന, പാഠേതര മേഖലയിലെ ഓരോ കുട്ടികളുടെയും കല, കഴിവുകൾ കണ്ടെത്താൻ ശ്രമിക്കുക. | നിത്യജീവിതത്തിൽ പുലർത്തേണ്ട ശീലങ്ങൾ, ഗുണങ്ങൾ ചർച്ചചെയ്ത് കണ്ടെത്തൽ | ചാർട്ട് ചിത്രം പുസ്തകം | ഡിസംബർ- ജനുവരി |

അക്കാദമിക് മാസ്റ്റർ പ്ലാൻ Art - തുടർച്ച.

| പഠനലക്ഷ്യം | പ്രവർത്തനം | പഠനോപകരണങ്ങൾ | കാലയളവ്. |
|---|---|---|---|
| ഭാവാഭിനയത്തിലെ വൈവിധ്യം വ്യക്തമാക്കുന്ന കലാകാരന്മാരെ പരിചയപ്പെടൽ. | ഭാവ അഭിനയം, നവരസങ്ങൾ എന്നിവ വിശകലനം ചെയ്യൽ | chart പുസ്തകം വീഡിയോ | ജനുവരി ഫെബ്രുവരി |
| എല്ലാത്തരം കലകളെയും മനസ്സിലാക്കിക്കൊണ്ട് വിദ്യാഭ്യാസ പ്രക്രിയ സർഗ്ഗാത്മകമായി പുതുക്കൽ | ഇന്ത്യയിൽ ഉടനീളം വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവരുടെ ജീവിതരീതിയുമായും കാർഷിക വൃത്തിയുമായും ബന്ധപ്പെട്ട നൃത്തരൂപങ്ങൾ കണ്ടെത്തൽ | വീഡിയോ ചാർട്ട് പേപ്പർ കട്ടിംഗ്സ് | മാർച്ച്. |